പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4498 — 13/11/2019 ൽ മറുപടിക്ക്

## കർഷക ഭവനങ്ങളിൽ ജിയോ മാപ്പിംഗ് പദ്ധതി

**ചോദ്യം**

ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീ.ജി.എസ്.ജയലാൽ
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീ.മുഹമ്മദ് മുഹസിൻ പി

**മറുപടി**

അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ജീവനോപാധികൾ നൽകാൻ ഉതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്.<br><br>**1.** ആട് വളർത്തൽ യൂണിറ്റുകൾ<br><br>വ്യാവസായിക അടിസ്ഥാനത്തിൽ 20 ആടുകൾ അടങ്ങുന്ന (19 പെണ്ണാടും ഒരു മുട്ടനാടും) യൂണിറ്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഒരു യൂണിറ്റിൽ ഒരു ലക്ഷം രൂപയുടെ ധനസഹായം ലഭിക്കും. ഇത്തരത്തിൽ സംസ്ഥാനമൊട്ടാകെ 150 യൂണിറ്റുകൾ സ്ഥാപിക്കും<br><br>**2.** മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി<br><br>മാംസാവശ്യത്തിനായി പോത്തുകുട്ടികളെ വളർത്തുന്ന സ്കീമാണിത്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു യൂണിറ്റിന് 10,000/- രൂപ ധനസഹായം ലഭിക്കും.<br><br>**3.** മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്ക് പലിശ സബ്സിഡി പദ്ധതി.<br><br>മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുത്തിട്ടുള്ള ലോണുകൾക്ക് പലിശ ഇനത്തിൽ 5,000/- രൂപ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന പദ്ധതിയാണിത്. സംസ്ഥാനമൊട്ടാകെ ചുരുങ്ങിയത് 5000 പേർക്കെങ്കിലും പദ്ധതി കൊണ്ട് ആശ്വാസം ലഭിക്കും. |

| | | | |
|---|---|---|---|
| | | | **4.** കിടാരി വളർത്തൽ പദ്ധതി<br><br>മൃഗസംരക്ഷണ മേഖലയിൽ പ്രളയ ദുരന്തങ്ങൾക്കിരയായ പ്രദേശങ്ങളിൽ സഹായം നൽകുന്ന പദ്ധതി. **2019-20** ൽ പുതുതായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഒരു യൂണിറ്റിന് **25000** രൂപ വീതം **1120** ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും<br><br>**5.** ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്<br><br>**5** പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നു. ഒരു യൂണിറ്റിന് കർഷകന് **25000** രൂപയാണ് ധനസഹായം<br><br>**6. NLM** ഗോട്ട് സ്കീം<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷന് കീഴിൽ **10** പെണ്ണാടും ഒരാണാടും ഉൾപ്പെടുന്ന യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നു. |
| ബി) | കർഷകർക്ക് ഉപകാരപ്രദമായ എന്തെല്ലാം പരിശീലന പരിപാടികളാണ് നടപ്പിലാക്കുന്നത് എന്നറിയിക്കുമോ; | ബി) | പരിശീലന പരിപാടി — കാലയളവ്<br>1. കറവപ്പശു പരിപാലനം — 3 ദിവസം<br>2. എരുമ വളർത്തൽ — 2 ദിവസം<br>3. ആട് വളർത്തൽ — 2 ദിവസം<br>4. പന്നി വളർത്തൽ — 2 ദിവസം<br>5. മുയൽ വളർത്തൽ — 2 ദിവസം<br>6. മുട്ടക്കോഴി വളർത്തൽ — 3 ദിവസം<br>7. ഇറച്ചിക്കോഴി വളർത്തൽ — 3 ദിവസം<br>8. വീട്ടുവളപ്പിലെ കോഴിവളർത്തൽ — 2 ദിവസം<br>9. താറാവ് വളർത്തൽ — 2 ദിവസം<br>10 ടർക്കിക്കോഴി വളർത്തൽ — 1 ദിവസം<br>11. തീറ്റപ്പുൽകൃഷി — 1 ദിവസം<br>12. എമു വളർത്തൽ — 2 ദിവസം<br>13. വ്യാവസായിക അടിസ്ഥാനത്തിൽ പശുവളർത്തൽ - 5 ദിവസം<br>14. കാടക്കോഴി വളർത്തൽ — 1 ദിവസം |

| | | | |
|---|---|---|---|
| | | | 15. നായവളർത്തൽ 3 ദിവസം<br>16. പോത്തുകുട്ടി പരിപാലനം 2 ദിവസം<br>17 ഓമനപ്പക്ഷികളുടെ പരിപാലനം 2 ദിവസം |
| സി) | മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക ഭവനങ്ങളിൽ ജിയോ മാപ്പിംഗ് പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) | ഉണ്ട്. വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ വിവിധ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുന്ന അവസരത്തിൽ ഭൂമിക എന്ന ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷൻ വഴി കർഷകരുടെ വീടിന്റെ ജ്യോഗ്രഫിക്കൽ ലൊക്കേഷൻ ശേഖരിക്കുന്ന പദ്ധതിയാണിത്. |
| ഡി) | കർഷക ഭവനങ്ങളിൽ ജിയോ മാപ്പിംഗ് നടത്തുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ? | ഡി) | ജിയോമാപ്പിംഗ് പദ്ധതി നടപ്പിലാകുന്നതോടുകൂടി വിവിധ പകർച്ച വ്യാധികളുടെ വ്യാപനം കൃത്യമായി നിരീക്ഷിക്കാനും, പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും സാധിക്കുന്നതാണ്. കൂടാതെ പ്രകൃതി ദുരന്തങ്ങൾ പോലുള്ള അവസരങ്ങളിൽ അടിയന്തിര രക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിലെ ഏതൊരു വകുപ്പിനും ഈ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ